മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്ത ഔട്ട് ബോർഡ് എൻജിനുകൾ

95 [252] ശ്രീ. അടൂർ പ്രകാശ്:
" ടി. എൻ. പ്രതാപൻ:
" പ്രയാർ ഗോപാലകൃഷ്ണൻ:
" വി. ബാലറാം:

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് എത്ര ഔട്ട് ബോർഡ് എൻജിനുകൾ വിതരണം ചെയ്തു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ എൻജിനും വാങ്ങിയവർക്ക് ഏതെങ്കിലും വിധത്തിൽ നഷ്ടമുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര തുക വീതം നഷ്ടമുണ്ടായി എന്നും എപ്രകാരമാണ് നഷ്ടമുണ്ടായത് എന്നും വ്യക്തമാക്കുമോ;

(ഡി) ഈ ഇനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടം ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ അതിനുത്തരവാദികളായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 17895

(ബി, സി, ആന്റ് ഡി) 2001-02, 2002-03 വർഷത്തിൽ ഇറക്കുമതി ചെയ്ത സുസുകി എൻജിന് കമ്മിറ്റ്മെന്റ് ചാർജ്ജ് നൽകിയതുകാരണം എൻജിൻ വാങ്ങിയവർക്ക് നഷ്ടമുണ്ടായിട്ടുണ്ട് എന്ന പരാതി ലഭിച്ചിരുന്നതിൻ പ്രകാരം അന്വേഷണം നടത്തി ഉത്തരവാദികളെന്ന് സംശയിക്കുന്നവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. വിശദമായ അന്വേഷണം വിജിലൻസ് വകുപ്പ് നടത്തിവരുന്നു. അന്വേഷണം പൂർത്തിയായാൽ മാത്രമേ യഥാർത്ഥത്തിൽ നഷ്ടമുണ്ടായിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ എത്രയെന്നും ഉത്തരവാദികളാണെന്നും തീരുമാനിക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly